# കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്.

## ഓക്സിജൻ കോൺസെൻട്രേറ്ററുകളും ഓക്സിജൻ സിലിണ്ടറുകളും വീട്ടിൽ സൂക്ഷിക്കുന്നതിന്റെ സുരക്ഷാ മുൻകരുതലുകളും മാർഗനിർദേശങ്ങൾ .

**A.ഓക്സിജൻ സിലിണ്ടറുകളും / കോൺസെൻട്രേറ്ററുകളും ഉപയോഗിക്കുമ്പോഴുള്ള സുരക്ഷാ മാർഗനിർദേശങ്ങൾ.**

വീട്ടിൽ ഓക്സിജൻ തെറാപി ചെയ്യുന്നതിന് പ്രധാനമായും 2 തരത്തിലുള്ള ഉപകരണങ്ങളാണ് ഉള്ളത്.

- ഓക്സിജൻ കോൺസെൻട്രേറ്ററുകൾ : വായുവിലുള്ള നൈട്രജനെ അരിച്ചു മാറ്റുകയും ,ശുദ്ധമായ ഓക്സിജൻ ലഭ്യമാക്കുകയും ചെയ്യുന്നവ .
- ഓക്സിജൻ സിലിണ്ടറുകൾ : ഉയർന്ന മർദ്ദത്തിലുള്ള ഓക്സിജൻ ഉൾക്കൊള്ളുന്നവ.

**B . ഓക്സിജൻ സുരക്ഷാ മുൻകരുതലുകൾ.**

ശരിയായ രീതിയിൽ കൈകാര്യം ചെയ്താൽ ഓക്സിജൻ സുരക്ഷിതവും സ്ഫോടനാത്മകമല്ലാത്തതും ആണ് . എന്നിരുന്നാലും ഏതെങ്കിലും വസ്തു കത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ ഓക്സിജൻ സമ്പുഷ്ടമായ അന്തരീക്ഷത്തിൽ ആ കത്തുന്ന വസ്തു കൂടുതൽ വേഗത്തിലും, ചൂടോടെയും കത്താൻ കാരണമാകും. ആയതിനാൽ വീട്ടിൽ ഓക്സിജൻ ഉപയോഗിക്കുമ്പോൾ താഴെ പറയുന്ന മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

- മുറിയിൽ നിന്നും എല്ലാ വിധത്തിലുള്ള കത്താൻ സാധ്യതയുള്ള വസ്തുക്കളും നീക്കം ചെയ്യണം ഉദാ : മെഴുകുതിരി, ഗ്യാസ് അടുപ്പുകൾ , അല്ലെങ്കിൽ തീപ്പൊരി ഉണ്ടാകാൻ സാധ്യത ഉള്ള എല്ലാ വസ്തുക്കളും.

- ഓക്സിജൻ സിലിണ്ടറുകളും ഉപകരണങ്ങളും സൂക്ഷിക്കുന്നതിനടുത്തു പുകവലി പാടില്ല.

- കത്താൻ സഹായിക്കുന്ന എല്ലാ വസ്തുക്കളും ഓക്സിജന്റെ സമീപത്തു നിന്ന് മാറ്റേണ്ടതാണ്. ഉദാ: പെട്രോൾ , ക്ലീനിങ് ഫ്ല്യൂയിഡ്, ഏറോസോൾ ക്യാനുകൾ ,ഫ്രഷ്നെഴ്സ് അല്ലെങ്കിൽ ഹെയർസ്പ്രേ മുതലായ സ്പ്രേകൾ എന്നിവ .

- ആൽക്കഹോൾ അടങ്ങിയ മിശ്രിതങ്ങൾ ,ഓയിൽ രൂപത്തിലുള്ള പദാർത്ഥങ്ങൾ ,ഗ്രീസ് ,പെട്രോളിയം ജെല്ലി മുതലായവ ഓക്സിജൻ വിതരണ ഉപകരണം / സിലിണ്ടർ എന്നിവയുമായി സമ്പർക്കത്തിൽ വരാതെ സൂക്ഷിക്കണം.

- ഓക്സിജൻ സൂക്ഷിക്കുന്നതിന് സമീപത്തുള്ള എല്ലാ വൈദ്യുത ഉപകരണങ്ങളും കൃത്യമായി എർത്തിങ് ചെയ്തിട്ടുണ്ടെന്നു ഉറപ്പു വരുത്തണം.

- ഓക്സിജൻ ഉപയോഗിക്കുന്ന സമയത്തു ഇലക്ട്രിക്കൽ ഉപകരണങ്ങളായ ഹെയർ ഡ്രൈയറുകൾ , ഇലക്ട്രിക്കൽ റേസറുകൾ മുതലായവയുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ് .

- ഓക്സിജൻ ഉപകരണങ്ങൾ വൃത്തിയായും പൊടിപടലങ്ങൾ ഇല്ലാതെയും സൂക്ഷിക്കേണ്ടതാണ്.

- **<u>C.സിലിണ്ടറുകൾ</u>**
- സിലിണ്ടറുകൾ സുരക്ഷിതമായ സ്ഥലത്തു സ്ഥാപിക്കുകയും, സൂക്ഷ്മമായി കൈകാര്യം ചെയ്യുകയും ചെയ്യുക.
- എല്ലായ്പ്പോഴും ഓക്സിജൻ സിലിണ്ടർ വാൽവ് മുകളിൽ വരുന്ന രീതിയിൽ മാത്രം വയ്ക്കുക. സിലിണ്ടറിന്റെ അടിഭാഗം കേടുപാടുകൾ വരാതെ സ്ഥാപിക്കേണ്ടതാണ്
- എല്ലായ്പ്പോഴും ഓക്സിജൻ സിലിണ്ടർ നന്നായി വായുസഞ്ചാരമുള്ള സ്ഥലത്ത് സൂക്ഷിക്കുകയും സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.
- ഓക്സിജൻ സിലിണ്ടറിനെ തുണി അല്ലെങ്കിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് മൂടാൻ പാടുള്ളതല്ല.
- സിലിണ്ടറുകൾ കേടാകാതിരിക്കാൻ ഓക്സിജൻ ഉപകരണങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുക.
- ശരിയായ ഫ്ലോ മീറ്റർ ഉപയോഗിക്കുക.
- ആരോഗ്യ പ്രവർത്തകരുടെ നിർദേശമനുസരിച്ച് ഫ്ലോ മീറ്റർ ഘടിപ്പിക്കേണ്ടതാണ്.

- ഒരു സിലിണ്ടർ ശൂന്യമാകുമ്പോൾ,വാൽവ് അടച്ച് EMPTY സിലിണ്ടർ എന്ന് അടയാളപ്പെടുത്തുക. നിറച്ച സിലിണ്ടറും ശൂന്യവുമായ സിലിണ്ടറും ഒരുമിച്ച് സൂക്ഷിക്കരുത്.
- ഉപയോഗത്തിലില്ലാത്തപ്പോൾ സിലിണ്ടർ അടച്ചു സൂക്ഷിക്കുക (സുരക്ഷാ കാരണങ്ങളാൽ).
- ഓക്സിജൻ ഫ്ലോ മീറ്ററിൽ ഹ്യുമിഡിഫയർ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- ഫ്ലോ മീറ്റർ ശരിയായി ബന്ധിപ്പിച്ചുകഴിഞ്ഞാൽ, ആദ്യം സിലിണ്ടർ വാൽവ് തുറക്കുക, തുടർന്ന് റെഗുലെറ്റർ വാൽവും , ഉപയോഗത്തിന് ശേഷം അടയ്ക്കുമ്പോൾ സമാനമായി റെഗുലെറ്റർ വാൽവ് ആദ്യം അടയ്ക്കുക തുടർന്ന് സിലിണ്ടർ വാൽവ് .
- സിലിണ്ടർ ഹൈഡ്രോ ടെസ്റ്റ് നടത്തിയെന്ന് ഉറപ്പാക്കുക, സർട്ടിഫിക്കറ്റ് സൂക്ഷിക്കുക.

**D. <u>ഓക്സിജൻ കോൺസെൻട്രേറ്റർ.</u>**

- എല്ലായ്പ്പോഴും ഓക്സിജൻ കോൺസെൻട്രേറ്ററുകൾ ശരിയായി ഏർത്ത് ചെയ്തിട്ടുള്ള സ്വിച്ച് ബോർഡിൽ മാത്രം ഘടിപ്പിക്കുക. എക്സ്റ്റൻഷൻ ബോർഡോ പവർ ബോർഡോ ഉപയോഗിക്കാൻ പാടുള്ളതല്ല.
- ഉപയോഗത്തിലായിരിക്കുമ്പോൾ ഓക്സിജൻ കോൺസെൻട്രേറ്ററുകൾ ചൂടാകുന്നതിനാൽ, നല്ല വായുസഞ്ചാരമുള്ള സ്ഥലത്ത് അവ സ്ഥാപിക്കുകയും ,കർട്ടൻ പോലുള്ളവ ഉപകരണത്തിന്റെ അടുത്തുനിന്നും മാറ്റേണ്ടതുമാണ്.
- ഓക്സിജൻ കോൺസെൻട്രേറ്ററിന് സമീപമുള്ള ജ്വലന സാധ്യത ഉള്ള വസ്തുക്കൾ മാറ്റുക.
- ഉപയോഗത്തിലില്ലാത്തപ്പോൾ കോൺസെൻട്രേറ്ററുകൾ സ്വിച്ച് ഓഫ് ചെയ്യേണ്ടതാണ്.
- ഓക്സിജൻ കോൺസെൻട്രേറ്റർ വിതരണക്കാരന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പതിവായി പരിശോധിക്കുകയും കൃത്യ സമയത്തു സർവീസ് ചെയ്യുകയും ചെയ്യേണ്ടതാണ്.

**E. സംഭരണം പരിമിതപെടുത്തുക.**

വീടുകളിൽ രണ്ടിൽ കൂടുതൽ ഓക്സിജൻ കോൺസെൻട്രേറ്ററുകൾ അല്ലെങ്കിൽ ഓക്സിജൻ സിലിണ്ടറുകൾ സൂക്ഷിക്കാൻ പാടുള്ളതല്ല. എല്ലാ സുരക്ഷാമാനദണ്ഡങ്ങളും മുൻകരുതലുകളും പാലിച്ചുകൊണ്ട് മാത്രം സംഭരണം നടത്തുക.

**F. ഗതാഗതം.**

സിലിണ്ടറുകൾ വാഹനങ്ങളിൽ കൊണ്ട് പോകുമ്പോൾ സൂക്ഷിക്കേണ്ട കാര്യങ്ങൾ:-

(a) ഓക്സിജൻ നിറച്ച സിലിണ്ടറുകൾ സൈക്കിളിലോ മറ്റ് ഇരുചക്ര വാഹനങ്ങളിലോ കൊണ്ട് പോകാൻ പാടുള്ളതല്ല.
(b) സിലിണ്ടറുകൾ കൊണ്ടുപോകുമ്പോൾ അവ വാഹനത്തിന്റെ വശങ്ങളിലേക്കോ പുറത്തേക്കോ തള്ളിനിൽക്കാൻ പാടുള്ളതല്ല.
(c) വാഹനത്തിനുള്ളിൽ കൂർത്ത പ്രതലങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുക.
(d) സിലിണ്ടറുകൾ യാത്രക്കിടയിൽ വീഴാതെ സുരക്ഷിതമായി വക്കുക . സിലിണ്ടറുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യരുത് , സിലിണ്ടറിനുമേൽ കൂടുതൽ മർദ്ദം കൊടുക്കാതെ സൂക്ഷിക്കുക.
(e) വാഹനത്തിൽ കൊണ്ടുപോകുന്ന സിലിണ്ടറുകൾ തമ്മിൽ കൂട്ടിമുട്ടുകയോ, താഴെ വീഴുകയോ ചെയ്യാതെ അടുക്കും ചിട്ടയോടെ സുരക്ഷിതമായി വയ്ക്കുക.
(f) വേഗത്തിൽ തീ പിടിക്കാൻ സാധ്യതയുള്ള വാതകങ്ങൾ അടങ്ങിയ സിലിണ്ടറുകൾക്കൊപ്പം ഓക്സിജൻ നിറച്ച സിലിണ്ടറുകൾ കൊണ്ട് പോകാൻ പാടുള്ളതല്ല .
(g) ഓക്സിജൻ സിലണ്ടറുകൾ വാഹനത്തിൽ കയറ്റുന്നതിനും ഇറക്കുന്നതിനും Lifting Magnet കൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

ഗതാഗത സമയത്തുള്ള വാൽവുകളുടെ സുരക്ഷകൾ.

- സിലിണ്ടറുകളിൽ ഓക്സിജൻ കൊണ്ടുപോകുമ്പോൾ അവയുടെ വാൽവിന് യാതൊരു വിധത്തിൽ ഉള്ള കേടുപാടുകളും സംഭവിക്കാതിരിക്കാൻ ക്കാൻ ശ്രദ്ധിക്കുക.
- മെറ്റൽ ക്യാപുകൾ, മെറ്റൽ കവറുകൾ എന്നിവ വാൽവിന്റെ സുരക്ഷക്കായി ഉപയോഗിക്കാവുന്നതാണ്.
- ലീക്കുള്ള സിലിണ്ടറുകൾ വാഹനത്തിൽ കൊണ്ടുപോകാൻ പാടുള്ളതല്ല.